56. എക്സ്റേ ടെക്നീഷ്യൻ

57. എക്സ്റേ മെക്കാനിക്ക്

(ബി) ഗവൺമെന്റ് ഉത്തരവ് മുഖേന ചട്ടപ്രകാരമാണ് നടത്തിയത്.

(സി) ഒരു വിഭാഗത്തിനു മാത്രമായി മാനദണ്ഡത്തിൽ ഇളവ് നൽകിയിട്ടില്ല.

(ഡി) കോടതി വിധി മാനിക്കുന്നതാണ്.

ജീവനക്കാർ നേരിട്ടും ബിനാമികൾ മുഖേനയും നടത്തുന്ന സ്വകാര്യ പണമിടപാടുകൾ

54 (6207) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ, ജനറൽ ആശുപത്രികൾ പോലുള്ള സ്ഥാപനങ്ങൾ എന്നിവ കേന്ദ്രീകരിച്ച് ചില ജീവനക്കാർ നേരിട്ടും ബിനാമികൾ മുഖേനയും സ്വകാര്യ പണമിടപാടുകൾ നടത്തുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതു സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) ശസ്ത്രക്രിയ, സ്കാനിംഗ് പോലുള്ള ചെലവേറിയ ചികിത്സയ്ക്ക് വിധേയരാകുന്ന രോഗികളെയും ബന്ധുക്കളെയും കബളിപ്പിച്ച് വലിയ ആശുപത്രികൾ കേന്ദ്രീകരിച്ച് നടക്കുന്ന സ്വകാര്യ പണമിടപാടുകൾ അന്വേഷണ വിധേയമാക്കാനും ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന ജീവനക്കാർക്കെതിരെ നടപടി സ്വീകരിക്കാനും മുൻകൈ എടുക്കുമോ ;

(സി) സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെയും സ്കാനിംഗ് സെന്ററുകളുടെയും ദല്ലാളന്മാരായി ഉയർന്ന നിലവാരത്തിലുള്ള ആശുപത്രികളിൽ പ്രവർത്തിക്കുന്ന ജീവനക്കാരെ കണ്ടെത്തി നടപടി സ്വീകരിക്കാൻ സ്ഥാപന തലത്തിൽ സ്ഥിരസംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഉയർന്ന നിലവാരത്തിലുള്ള ആശുപത്രികളിലെ ടെക്നീഷ്യന്മാർ സ്വന്തം പേരിലും ബിനാമിയായും നടത്തുന്ന ലാബുകൾ, ഒപ്റ്റിക്കൽ ഷോപ്പുകൾ മെഡിക്കൽ ഷോപ്പുകൾ, ഡെന്റൽ ലാബുകൾ ഇവ കണ്ടെത്താനും നിയന്ത്രിക്കാനും ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇതുസംബന്ധിച്ച പരാതി വഭിച്ചാൽ അതേക്കുറിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കുന്നതിന് ആരോഗ്യ വകുപ്പിൽ രൂപം കൊടുത്തിട്ടുള്ള വിജിലൻസ് സംവിധാനം പര്യാപ്തമാണ്.

(സി) സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെയും സ്കാനിംഗ് സെന്ററുകളുടെയും ദല്ലാളൻമാരായി പ്രവർത്തിക്കുന്ന ജീവനക്കാരുണ്ടെന്നു ബോദ്ധ്യപ്പെട്ടാൽ അവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാൻ നിലവിൽ സംവിധാനമുണ്ട്.

(ഡി) നിലവിലുള്ള വിജിലൻസ് സംവിധാനം ഇതിന് പര്യാപ്തമാണ്.

പൊതു സ്ഥലംമാറ്റം

55 (6208) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010-ലെ പൊതുസ്ഥലംമാറ്റം ആരോഗ്യവകുപ്പിൽ ഏതൊക്കെ തസ്തികകളിൽ നടപ്പിലാക്കി ;

(ബി) 2010-ലെ പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് എത്ര ഹൈക്കോടതി ഇടപെടലുകളാണ് നടന്നിട്ടുള്ളത് ; ഏതൊക്കെ തസ്തികകളിൽ ;

(സി) ഹൈക്കോടതി നിർദ്ദേശത്തെ തുടർന്ന് പൊതുസ്ഥലംമാറ്റത്തിൽ നിന്ന് ഏതെങ്കിലും തസ്തികയെ പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ടോ ;

(ഡി) 2010-ൽ ഇനിയും സ്ഥലം മാറ്റം നടപ്പിൽ വരുത്തിയിട്ടില്ലാത്ത തസ്തികകൾ ഏതൊക്കെ ; ഈ തസ്തികകളിൽ സ്ഥലംമാറ്റം ഈ വർഷം നടപ്പിൽ വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ)-(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ഡി.എം.ഇ.യുടെ കീഴിൽ നിന്നും ഡി.എച്ച്.എസ്-ലേയ്ക്ക് മാറ്റി നിയമിച്ച ജീവനക്കാരുടെ എണ്ണം

56 (6209) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ ഡി. എം. ഇ. യുടെ കീഴിൽ നിന്നും ഡി. എച്ച് .എസ്. ലേയ്ക്ക് മാറ്റി നിയമിച്ച ജീവനക്കാരുടെ

LIBRARY ARCHIVES Kerala Legislative Assembly